68/gov/18

Office of the Chief Engineer
10/8/18
LSGD, Thiruvananthapuram

DCE
AO
AA
JS

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ആന്തൂർ നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(കൈ) നം.104/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 04.08.2018

---

പരാമർശം:- 1 സ.ഉ(കൈ) നം.132/2017/തസ്വഭവ തീയതി 07.07.2017.

2. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.07.2017 ലെ ഡി.ബി1/1044/15/സി.ഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

ആന്തൂർ നഗരസഭയിൽ എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിക്കുന്നതിനായി അസി.എഞ്ചിനീയറുടെയും ക്ലർക്കിന്റെയും ഓരോന്നു വീതവും, ഓവർസീയറുടെ ഗ്രേഡ് I, II & III - ന്റെയും രണ്ട് വീതവും അടക്കം മൊത്തം 8 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും, ടി തസ്തികകൾ സൃഷ്ടിക്കുന്ന വകയിലെ അധിക സാമ്പത്തിക ബാദ്ധ്യത നഗരസഭ തങ്ങളുടെ തനത് ഫണ്ടിൽ/പൊതു ഉദ്ദേശ ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട്)-ൽ നിന്നും കണ്ടെത്തേണ്ടതാണെന്നും ഇക്കാര്യത്തിൽ സർക്കാറിൽ നിന്നും അധിക ഫണ്ട് ലഭ്യമാക്കുന്നതല്ലയെന്ന് വ്യക്തമാക്കികൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. പരാമർശം 2 പ്രകാരമുള്ള തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കത്തിലെ അഭ്യർത്ഥന സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ നഗരസഭ/കോർപ്പറേഷനുകളിലെ തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തദ്ദേശസ്വയം ഭരണ ചീഫ് എഞ്ചിനീയർ നിയന്ത്രണാധികാരിയായിട്ടുള്ള 2515-00-001-90-01salaries(Municipalities/Corporation) ശീർഷകത്തിൽ നിന്നും നൽകി വരുകയും, പ്രസ്തുത തുക ടി നഗരസഭയുടെ ജനറൽ പർപ്പസ് Grant- ൽ നിന്നും കുറവ് ചെയ്ത് മേൽ ശീർഷകത്തിൽ പൂൾ ചെയ്യു ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയും വരുന്ന രീതി ആന്തൂർ നഗരസഭയുടെ കാര്യത്തിലും നടപ്പിലാക്കികൊണ്ട് ഉത്തരവാകുന്നു.

3. പരാമർശ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല. സി.എസ്**
ഡെപ്യൂട്ടി സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. ചെയർപേഴ്സൺ, ആന്തൂർ നഗരസഭ, കണ്ണൂർ.
4. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
6. പൊതുഭരണ(എസ്.സി) വകുപ്പ്
7. ധനകാര്യ വകുപ്പ് ( 27.10.2017 ലെ ഡെവ.1/286/2016/ധന പ്രകാരം)
8. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.